# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3914** **21.06.2018- ൽ മറുപടിയ്ക്ക്**

## കാർഷിക വായ്പ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ എടുക്കുന്ന കർഷകർക്ക് നിലവിൽ എത്ര രൂപ വരെയാണ് നൽകി വരുന്നത്; വായ്പയ്ക്ക് ഈടായി മിനിമം എത്ര സെന്റ് ഭൂമിയാണ് വായ്പക്കാരന് ഉണ്ടാവേണ്ടത്; | (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ എടുക്കുന്ന കർഷകർക്ക് നിലവിൽ 3 ലക്ഷം രൂപ വരെയാണ് നൽകി വരുന്നത്. വായ്പയ്ക്ക് ഈടായി നൽകുന്ന വസ്തുവിന് മിനിമം പരിധി നിശ്ചയിച്ചിട്ടില്ല. |
| (ബി) | വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തുന്ന കർഷകർക്ക് കൈത്താങ്ങ് നൽകുന്നതിനായി ഇവരുടെ വായ്പകൾ എഴുതി തള്ളാറുണ്ടോ; കാർഷിക വായ്പ എഴുതിത്തള്ളുന്നതിന്റെ മാനദണ്ഡവും നടപടി ക്രമങ്ങളും വിശദമാക്കാമോ; | (ബി) | കർഷകരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് കടാശ്വാസം അനുവദിച്ച് നൽകുന്നുണ്ട്. കർഷകർ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡിന്റെ അടിസ്ഥാനത്തിൽ കടാശ്വാസം അനുവദിച്ച് നൽകുന്നു. കർഷക കടാശ്വാസ കമ്മീഷന്റെ ആക്ട് പ്രകാരം കർഷകരുടെ **18.01.2007** (ആക്ടിന്റെ പ്രാരംഭ തീയതി) വരെയുള്ള വായ്പകളാണ് കടാശ്വാസത്തിനായി കമ്മീഷൻ പരിഗണിക്കുന്നത്. ടി ആക്ട് പ്രകാരം കർഷകൻ തന്റെ വരുമാന വർദ്ധനവിനായി കാർഷികാനുബന്ധ വാണിജ്യാവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പകളെയാണ് കടാശ്വാസത്തിനായി പരിഗണിക്കുന്നത്. ആക്ട് പ്രകാരം കർഷകൻ എന്നാൽ നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തതും കൃഷി ഉപജീവനമാർഗ്ഗമായിരിക്കുകയും ചെയ്യുന്നയാൾ എന്നാണ്. |

| | | | |
|---|---|---|---|
| | | | വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന കർഷകരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുകയും, ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകളിൻമേലുള്ള അവാർഡുകൾ പരിശോധനയ്ക്കായി കൃഷി വകുപ്പ്, സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. ടി അവാർഡുകളുടെ അർഹത പരിശോധിച്ച് കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിൽ നിന്നും അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നു. |
| (സി) | തിരിച്ചടവിൽ വീഴ്ച വരുത്തുന്നവർക്ക് സഹായം നൽകുന്നത് പോലെ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശയിനത്തിലോ സബ്സിഡി ഇനത്തിലോ ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഹ്രസ്വകാലവിള വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിനായി 2013 വർഷം മുതൽ ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2010-11 സാമ്പത്തിക വർഷം മുതൽ നെൽ കർഷകർക്ക് ഇപ്രകാരം പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം 7% പലിശ നിരക്കിലാണ് ഹ്രസ്വകാല വായ്പകൾ (കാർഷിക വായ്പകൾ) നൽകുന്നത്. കൃത്യമായി തിരിച്ചടയ്ക്കുന്ന വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ 3% പലിശ സബ്സിഡിയോടൊപ്പം 4% സംസ്ഥാന സർക്കാരും പലിശ സബ്സിഡി നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**